**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **24-02-2026 - ൽ മറുപടിയ്ക്ക്**

**ചക്കംകണ്ടം സ്ലോയിസ്- കം -ബ്ലിഡ്ജ് നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചക്കംകണ്ടം സ്ലോയിസ്- കം- ബ്ലിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചക്കംകണ്ടം സ്ലൂയിസ് മെക്കാനിക്കൽ ഷട്ടറോടുകൂടി പുനർനിർമ്മിക്കുന്ന പ്രവൃത്തി 2026-27 ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ക്രമ നമ്പർ 2828 ആയി ഉൾപ്പെടുത്തുകയും അടങ്കൽ തുകയായ 2 കോടി രൂപയുടെ 20% ആയ 40 ലക്ഷം രൂപ ടി പ്രവൃത്തിയ്ക്കായി വകയിരുത്തുകയും ചെയ്തിരിക്കുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പുനർനിർമ്മാണം നടത്തുന്നതിനായി ഡിപിആർ തയ്യാറാക്കുന്നതുൾപ്പെടെയുള്ള സത്വര നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | നിലവിലെ സ്ലോയിസ്- കം- ബ്ലിഡ്ജ് അപകടാവസ്ഥയിലാണെന്നും ഇതിലൂടെയുള്ള വാഹന ഗതാഗതം നിർത്തിവെച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ പാലത്തിന് ബലക്ഷയം ഉള്ളതിനാൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുകയും, അപകട മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ പ്രവൃത്തിയുടെ ഡിപിആർ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ